(ബി) ഇത് കേരളത്തിലെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് ഗവൺമെൻറ് ആ നടപടി നിരുൽസാഹപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി,സി) ഉണ്ട്. ഇക്കാര്യത്തിൻമേൽ ഗവൺമെൻറിൻെറ വ്യക്തമായ എതിർപ്പ് കേന്ദ്ര ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ഡോക്ടർ കെ. എൻ. പൈ സമിതിയുടെ റിപ്പോർട്ട്

* 77 [85] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡോക്ടർ കെ. എൻ. പൈ അദ്ധ്യക്ഷനായുള്ള സമിതി എന്നാണ് ഗവൺമെൻറ് രൂപീകരിച്ചത്;

(ബി) സമിതിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ടിൻെറ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്യുവാൻ നടപടി എടുക്കുമോ?

ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) 1977 നവംബർ 8-ന്

(ബി,സി) 9-8-1979-ൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചു വരികയാണ്.

(ഡി) റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചു വരികയാണ്. അത് പൂർത്തിയായതിനുശേഷം റിപ്പോർട്ടിൻെറ കോപ്പി മെമ്പർമാർക്ക് വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

പഞ്ചായത്ത് വിഭജനം

* 78 [86] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം എത്ര പഞ്ചായത്തുകൾ വിഭജിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിഭജനത്തിന്റെ മാനദണ്ഡം എന്തായിരുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) പതിനഞ്ച്.

(ബി) ഭരണപരമായ സൗകര്യം, ജനസംഖ്യ, വിസ്തീർണ്ണം, സാമ്പത്തിക ഭദ്രത മുതലായവയാണ് പഞ്ചായത്ത് വിഭജനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ.

ഡോക്ടർമാരുടെ സ്ഥലംമാറ്റം

* 79 [87] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ഡോക്ടർമാരുടെ സ്ഥലം മാറ്റത്തിന് ഗവൺമെൻറ് എന്തെങ്കിലും മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) അവ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ എന്താണതിന് കാരണം;

(ഡി) അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് ഡോക്ടർമാരുടെ സ്ഥലമാറ്റങ്ങൾ നടത്തിയതായി പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. പ്രഭാകരൻ:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ വിശദമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കൊക്കോക്ക് വിപണന സൗകര്യം

* 80 [88] ശ്രീ. കെ. സുകുമാരനുണ്ണി:

,, കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കോ കൃഷി ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്;

(ബി) 1979–80 വർഷത്തിൽ എത്ര ഏക്കർ സ്ഥലത്തുകൂടി കൊക്കോ കൃഷി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly